**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6176** **09-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ 3 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.<br>1. കോഴിക്കോട് ജില്ല പട്ടികവർഗ്ഗ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 3321 (കോട്ടൂർ ഗ്രാമപഞ്ചായത്ത്)<br>2. ബാലുശ്ശേരി പട്ടികജാതി സഹകരണ സംഘം ലിമിറ്റഡ് നമ്പർ. ഡി. 2312 (ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്)<br>3. നടുവണ്ണൂർ പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി. 2413 (നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്) |
| (ബി) | പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) | പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി സംസ്ഥാനത്തെ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുജ്ജീവനത്തിനുമായി പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും സമഗ്ര വികസനത്തിനുമായി നടപ്പിലാക്കുന്ന പുനർജ്ജനി പദ്ധതി, വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന പുനരുദ്ധാരണ സഹായം, സഹകരണ സംഘങ്ങളിലെ ജീവനക്കാർ ഭരണ സമിതി അംഗങ്ങൾ എന്നിവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഫെഡറേഷന്റെ |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണത്തിനുള്ള സഹായം, യുവ എസ്.സി/ എസ്.റ്റി സഹകരണ സംഘങ്ങൾക്ക് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ